(ബി) – (ഡി) 2004-ൽ രാഷ്ട്രപതിയിൽ നിന്നുള്ള അവാർഡിലേക്കായി 14 വികലാംഗരേയും ഒരു സ്ഥാപനത്തേയും അവാർഡിന് ശുപാർശ ചെയ്തു. കേന്ദ്ര സർക്കാരിലേക്ക് 2-12-2004-ൽ അയച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകൾ ലഭിച്ചിട്ടില്ല.

ന്യൂനപക്ഷാവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ തീരുമാനിക്കാൻ നടപടി

65 [T3483] *ശ്രീ. കെ. ബാബു:*

,, *എൻ. ഡി. അപ്പച്ചൻ:*

,, *പി. ടി. തോമസ്:*

,, *എം. എ. ചന്ദ്രശേഖരൻ:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷാവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ തീരുമാനിക്കണമെന്ന് സുപ്രീം കോടതി വിധിച്ചിട്ടുണ്ടോ;

(ബി) കേരളത്തിൽ ന്യൂനപക്ഷാവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ തീരുമാനിക്കാൻ ഉദ്ദേശമുണ്ടോ;

(സി) ന്യൂനപക്ഷാവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്നതിന് എന്തെല്ലാം വിധത്തിലുള്ള പശ്ചാത്തല നടപടികളാണ് സ്വീകരിക്കേണ്ടതെന്ന് പറയുമോ?

ഉത്തരം

(എ) & (ബി) മതന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ദേശീയടിസ്ഥാനത്തിലും ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. പൊതുവായി ന്യൂനപക്ഷാവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിൽ തീരുമാനിക്കണമെന്ന് സുപ്രീം കോടതി വിധിച്ചിട്ടില്ല. എന്നാൽ സുപ്രീം കോടതിയുടെ 11 അംഗ ഭരണഘടനാ ബഞ്ചിന്റെ 2003-ലെ ടി. എം. എ. പൈ ഫൗണ്ടേഷൻ കേസിലെ വിധി അനുസരിച്ച് ഭരണഘടനയുടെ 30-ാം ഖണ്ഡംമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതിനും ഭാഷാന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംസ്ഥാനാടിസ്ഥാനത്തിലാണ് കേരളത്തിലും തീരുമാനിക്കേണ്ടത്.

(സി) മുൻ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ പ്രസക്തമല്ല.

ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ അംഗത്വം നൽകിയതിൽ ക്രമക്കേടുകൾ

66 [3490] *ശ്രീ. പി. ടി. തോമസ്:*

,, *പി. ജെ. ജോയി:* താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 2004 ഡിസംബറിൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നടന്ന മെമ്പർഷിപ്പ് രജിസ്ട്രേഷനെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗത്വം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾക്ക് ഫീസടച്ചതിന് ഇതുവരെയായി തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും രസീത് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിസംബർ 31-നു മുൻപ് ഫീസടച്ച് രജിസ്റ്റർ ചെയ്ത നൂറുകണക്കിന് തൊഴിലാളികൾക്ക് മൂന്നുമാസമായിട്ടും അംഗത്വകാർഡ് നൽകിയിട്ടില്ലെന്നറിയാമോ;

(ഡി) ഈ ജില്ലയിൽ ഫീസ് വാങ്ങിയവരിൽ പലർക്കും അംഗത്വം നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പരാതികൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ബോർഡിൽ രജിസ്റ്റർ ചെയ്ത അംഗ തൊഴിലാളികൾക്ക് കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെ അഭാവത്തിൽ കമ്പ്യൂട്ടർ രസീതുകൾ യഥാസമയം കൊടുക്കുവാൻ കാലതാമസം വന്നിട്ടുണ്ട്. രജിസ്ട്രേഷൻ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് രസീത് കൊടുത്തുവരുന്നുണ്ട്.

(സി) ഡിസംബർ 31-നു മുൻപ് രജിസ്റ്റർ ചെയ്ത അംഗ തൊഴിലാളികളിൽ ഭൂരിപക്ഷം ആളുകളും അംഗത്വകാർഡ് വാങ്ങിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ നേരിട്ടും യൂണിയൻ ഭാരവാഹികൾ മുഖേനയും കൈപ്പറ്റുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പുട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, പി. എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

67 [3493] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്ര തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ പൂട്ടിയിട്ട തോട്ടങ്ങളിൽ തേയില തോട്ടങ്ങൾ എത്ര; ഇവ ഓരോന്നിലും എത്ര വീതം തൊഴിലാളികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly